കേരള സർക്കാർ

നം.50/2026/ധന

ധനകാര്യ (ഭരണം-എ) വകുപ്പ്,
തിരുവനന്തപുരം, തീയതി, 02/09/2026

സർക്കുലർ

വിഷയം:- ധനകാര്യ വകുപ്പ് - 2027 കലണ്ടർ വർഷത്തെ സ്ഥാനക്കയറ്റങ്ങൾ - Departmental Promotion Committee (DPC) - സെലക്ട് ലിസ്റ്റ് തയ്യാറാക്കൽ - ഉദ്യോഗസ്ഥരുടെ Annual Confidential Reports (ACRs) പൂർത്തീകരിക്കൽ - സംബന്ധിച്ച്.

പരാമർശം:- പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പിന്റെ 21.08.2026-ലെ No. SPL-E2/224/2026 - GAD അനൗദ്യോഗിക കുറിപ്പ്.

2027 കലണ്ടർ വർഷത്തെ (01.01.2027 മുതൽ 31.12.2027 വരെ) സ്ഥാനക്കയറ്റങ്ങൾക്കുള്ള സെലക്ട് ലിസ്റ്റുകൾ യഥാസമയം തയ്യാറാക്കുന്നതിനായി Departmental Promotion Committee (DPC) യോഗങ്ങൾ സമയബന്ധിതമായി ചേർന്ന് നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ടെന്ന് പരാമർശിത അനൗദ്യോഗിക കുറിപ്പ് പ്രകാരം പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് അറിയിച്ചിരിക്കുന്നു.

കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസസ് ചട്ടങ്ങൾ, 1958-ലെ Part II, Rule 28(b)(I) പ്രകാരം, അടുത്ത കലണ്ടർ വർഷത്തിലെ ഒഴിവുകളിലേക്കുള്ള സെലക്ട് ലിസ്റ്റുകൾ 2026 നവംബർ 30-നകം പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ, ധനകാര്യ വകുപ്പിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫസർ മുതൽ സ്പെഷ്യൽ സെക്രട്ടറി റാങ്ക് വരെയുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും 2023, 2024, 2025 കലണ്ടർ വർഷങ്ങളിലെ Annual Confidential Reports (ACRs) ബന്ധപ്പെട്ട അധികാരികൾക്ക് 10.09.2026-നകം നിർബന്ധമായും സമർപ്പിച്ച് കാലതാമസം കൂടാതെ പൂർത്തീകരിക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും, നിശ്ചിത സമയപരിധിക്കുള്ളിൽ Annual Confidential Reports പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതുമാണ്.

ബിന്ദു എസ്
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

പകർപ്പ് :- ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളും / ഓഫീസർമാരും
നോഡൽ ഓഫീസർ, www.finance.kerala.gov.in,
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി (ഇ - 3610593)